കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പാനൂർ നഗരസഭ

ഓഡിറ്റ് റിപ്പോർട്ട്

2015-16

(1.11.2015 മുതൽ 31.3.2016 വരെ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എൻ.ആർബി.2/183/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670001.

ഫോൺ: 0497 - 2707698.
ഇ-മെയിൽ: lfaddistofficeknr@gmail.com
തീയ്യതി: 10.2.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

പാനൂർ നഗരസഭ.

സർ,

വിഷയം : പാനൂർ നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരംപാനൂർ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1.സെക്രട്ടറി, തദ്ദേശസ്വയം ഭരണവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ വഴി)

3. നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4. റീജിയണൽ ജോയിന്റ് ഡയരക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്(ഉപരിപത്രം സഹിതം)

5. കാര്യാലയ പകർപ്പ്.

സീയാർ/-

നം കെ.എസ്.എ/കെ.എൻ.ആർ/ബി- 2/183/2017 /2017. തിയ്യതി: 10.2.2017

കണ്ണൂർ ജില്ലയിലെ പാനൂർ നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആമുഖം

കണ്ണൂർജില്ലയിലെ പാനൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്	ശ്രീ. വർഗ്ഗീസ് ജോസഫ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്	തസ്തിക
21.1.2017മുതൽ 4.2.2017 വരെ	ശ്രീമതി.ലതവാണി.എൻ.എൻ	ഓഡിറ്റ് ഓഫീസർ
	ശ്രീ. വിജോഷ്.പി	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	കുമാരി .മിഥുചന്ദ്ര.സി	ഓഡിറ്റർ

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

<u>പ്രസിഡണ്ട്</u> :

പേര്	കാലയളവ്
ശ്രീമതി.കെ.വി.റംല.	19.11.2015മുതൽ 31.3.2016വരെ

1.11.2015 മുതൽ 18.11.2015 വരെ ഭരണനിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

<u>സെക്രട്ടറി :</u>

പേര്	കാലയളവ്
ശ്രീ.യു.പി.പ്രദീപ്	1.11.2015 മുതൽ 31.3.2016 വരെ

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

ഉദ്യോഗപ്പേര്	സെക്ഷൻ	പേര്	കാലയളവ്
കൃഷിഓഫീസർ	പാനൂർ	ശ്രീമതി. ഷീന	1.11.2015 മുതൽ 31.3.2016 വരെ
	കരിയാട്	ശ്രീമതി. ഷീന	1.11.2015 മുതൽ 31.3.2016 വരെ
	പെരിങ്ങളം	ശ്രീ.അനിൽകുമാർ.കെ	1.11.2015 മുതൽ 31.3.2016 വരെ
ഹെഡ്മാസ്റ്റർഗവ:എൽ.പി. പാനൂർ	പാനൂർ	ശ്രീ.വി.പി.സുകുമാരൻ	1.11.2015 മുതൽ 31.3.2016 വരെ
ഹെഡ്മാസ്റ്റർഗവ:യു.പി.കരിയാട്	കരിയാട്	ശ്രീമതി.ലീലാമ്മ സാമുവൽ	1.11.2015 മുതൽ 31.3.2016 വരെ
വി ഇ ഒ	പാനൂർ	ശ്രീ.ശ്രീജേഷ്.ടി	1.11.2015 മുതൽ 31.3.2016 വരെ
	കരിയാട്	ശ്രീ.റജി ളുണോളി	1.11.2015 മുതൽ 31.3.2016 വരെ
	പെരിങ്ങളം	ശ്രീ.സമീർ.കെ.കെ	1.11.2015 മുതൽ 31.3.2016 വരെ
ഐ സി ഡി എസ് സൂപ്പർവൈസർ	പാനൂർ	ശ്രീമതി .ഷിംജ.ഇ	1.11.2015 മുതൽ 31.3.2016 വരെ
	കരിയാട്	ശ്രീമതി.സരസ്വതി.പി.പി	1.11.2015 മുതൽ31.3.2016വരെ
	പെരിങ്ങളം	ശ്രീമതി.സരോജിനി.ടി	1.11.2015മുതൽ31.3.2016വരെ
മെഡിക്കൽ ഓഫീസർ- (ആയ്യുർവേദം)	പാനൂർ	ഡോ.ആൻസി.ബി	1.11.2015 മുതൽ31.3.2016വരെ
	കരിയാട്	ഡോ.സ്മിത	1.11.2015 മുതൽ31.3.2016വരെ
	പെരിങ്ങളം	ഡോ.മഞ്ജുഷ.ഇ.വി	1.11.2015 മുതൽ31.3.2016വരെ
മെഡിക്കൽ ഓഫീസർ- (ഹോമിയോ)	പാനൂർ	ഡോ.അനീന.പി.ത്യാഗരാജ്	1.11.2015 മുതൽ31.3.2016വരെ
	കരിയാട്	ഡോ.രാജശ്രീ	1.11.2015 മുതൽ31.3.2016വരെ
മെഡിക്കൽ ഓഫീസർ- സി എച്ച് സി	പാനൂർ	ഡോ.കെ.അനിൽകുമാർ	1.11.2015 മുതൽ31.3.2016വരെ

മെഡിക്കൽ ഓഫീസർ-പിഎച്ച് സി	കരിയാട്	ഡോ.റോഷിത്	1.11.2015 മുതൽ31.3.2016വരെ
മെഡിക്കൽ ഓഫീസർ-പിഎച്ച് സി	പെരിങ്ങളം	ഡോ.രാകേഷ് രാജ്ജ.കെ.കെ	1.11.2015 മുതൽ31.3.2016വരെ
വെറ്ററിനറി സർജ്ജൻ	പാനൂർ	ഡോ.അനിൽകുമാർ.സി	1.11.2015 മുതൽ31.3.2016വരെ
	കരിയാട്	ഡോ.ചന്ദ്രശേഖരൻ	1.11.2015 മുതൽ31.3.2016വരെ
	പെരിങ്ങളം	ഡോ.സുശീൽ കുമാർ.സി	1.11.2015 മുതൽ 31.3.2016 വരെ
അസിസ്റ്റന്റ് എഞ്ചിനിയർ	പാനൂർ	ശ്രീ.കൃഷ്ണകുമാർ.എസ്	1.11.2015 മുതൽ 31.3.2016 വരെ

ഉള്ളടക്കം

ക്രമ നം.	വിഷയം	ഖണ്ഡിക നമ്പർ
	ഭാഗം 1 – പൊതു അവലോകനം	
1	ആമുഖം	1(1)
2	ബജറ്റ്	1(2)
3	വാർഷിക ധനകാര്യപത്രിക	1(3)
4	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.	1(4)
5	സാമ്പത്തിക വിശകലനം	1(5)
6	ഫണ്ട് വിനിയോഗം	1(6)
7	പദ്ധതി അവലോകനം.	1(7)
8	തനത് വരുമാനം.	1(8)
9	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1(9)
10	ക്ഷേമപദ്ധതികൾ	1(10)
11	ക്യാഷ് വെരിഫിക്കേഷൻ	1(11)
12	വാർഡ്സഭ	1(12)
13	ആഭ്യന്തര നിയന്ത്രണം	1(13)
	ഭാഗം-II വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	

14	ഡി ആൻഡ് ഓ ലൈസൻസ് അപാകങ്ങൾ	2(1)
15	തൊഴിൽ നികുതി അപാകങ്ങൾ	2(2)
16	വസ്തുനികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല.	2(3)
17	ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 15,315 രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.	2(4)
	ഭാഗം-III ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
18	ക്ഷേമ പെൻഷൻ നൽകുന്നതിലുള്ള അപാകങ്ങൾ	3(1)
19	പെരിങ്ങളം പി.എച്ച്.സി. - മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച്	3(2)
20	വെള്ളക്കരം കുടിശ്ശിക – നഗരസഭയ്ക്ക് ലക്ഷക്കണക്കിന് രൂപയുടെ ബാദ്ധ്യത	3(3)
21	ഗുണഭോക്തൃ സമിതി മുഖേന നടത്തിയ പദ്ധതി നിർവ്വഹണം -രേഖകൾ ഹാജരാക്കാത്തത്-₹2,08,311 തടസ്സപ്പെടുത്തുന്നു	3(4)
22	നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിശ്ചിത നിരക്കിൽ പിഴ ഈടാക്കാത്തത്	3(5)
23	പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുഅപാകങ്ങൾ	3(6)
24	വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത്- ₹ 54,000 തടസ്സപ്പെടുത്തുന്നു	3(7)
25	വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തിരിച്ചടക്കേണ്ടതാണ്	3(8)
26	സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ	3(9)
27	ചെയർപേഴ്സൺന്റെ വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ	3(10)
	ഭാഗം-IV – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
28	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4(1)
29	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ	4(2)
30	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4(3)
31	വായ്പ/വായ്പ തിരിച്ചടവ്	4(4)
32	സ്ഥിരനിക്ഷേപങ്ങൾ	4(5)
33	ഓഡിറ്റ് റിക്കവറി	4(6)

34	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.	4(7)
35	ഓഡിറ്റ് പ്രത്യവലോകനം	4(8)
36	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4(9)
	അനുബന്ധം	
37	അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്)	

ഭാഗം 1

പൊതു അവലോകനം

1-1 ആമുഖം

പാനൂർ നഗരസഭ രൂപീകരിക്കപ്പെട്ടുന്നത് 1.11.2015 നാണ്. കരിയാട്, പെരിങ്ങളം, പാനൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്താണ് പാനൂർനഗരസഭ രൂപീകരിക്കപ്പെട്ടുന്നത്. 28.53 ച.കി.മി വിസ്തീർണ്ണമുള്ള നഗരസഭയിലെ ജനസംഖ്യ 55,216 ആണ്. നിലവിൽ 40 വാർഡുകളാണ് നഗരസഭയിൽ ഉള്ളത്. സോണൽ ഓഫീസുകളിൽ ഉൾപ്പെടെ 47 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നു. നിലവിൽ പാനൂർനഗരസഭ കാര്യാലയം പ്രവർത്തിക്കുന്നത് മുൻപ് പ്രവർത്തിച്ചിരുന്ന പാനൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലാണ്. പുതിയ നഗരസഭ കാര്യാലയത്തിനായി സ്ഥലം വിലക്ക് വാങ്ങുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

1-2 ബജറ്റ്

പാനൂർ നഗരസഭ രൂപം കൊണ്ടത് 01.11.2015 – നാണ്. തൻവർഷം നഗരസഭയ്ക്കായി പ്രത്യേകം ബജറ്റ് തയ്യാറാക്കിയിട്ടില്ല. പാനൂർ, കരിയാട്, പെരിങ്ങളം എന്നീ ഗ്രാമപഞ്ചായത്തുകളായി പ്രവർത്തിച്ചിരുന്ന കാലയളവിൽ അംഗീകരിച്ച ബജറ്റിനെ അടിസ്ഥാനമാക്കിയാണ് നഗരസഭ ചെലവുകൾ നടത്തിയിട്ടുള്ളത്.

1-3 വാർഷിക ധനകാര്യപത്രിക.

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2015-16 (01.11.15 മുതൽ 31.03.16വരെ)	-----	20.12.2016	തിരിച്ചയച്ചിട്ടില്ല	തിരിച്ചയച്ചിട്ടില്ല

1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റിന്റെ തരം
2015-16	31.01.2017	വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വസ്തുനികുതി ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.
3. ആസ്തി ബാധ്യതാ റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
4. തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിക്കുകയോ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
5. തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
6. മറ്റു നിർവ്വഹണാധികാരികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

1-5 തനതുവരുമാനം

ഇനം	തൻവർഷം വരവ്
നികുതി വരവുകൾ	53,29,557
ഫീസുകൾ	5,44,893
മറ്റുവരവുകൾ	6,41,914
ആകെ	65,16,364

നഗരസഭ രൂപീകരിക്കപ്പെട്ടത് 01.11.2015 – ൽ ആയതിനാൽ മുൻവർഷത്തെ വരവുകളുമായുള്ള താരതമ്യം നടത്തിയിട്ടില്ല.

1-6 സാമ്പത്തിക വിശകലനം

വർഷം	2015-16 (01.11.15 മുതൽ 31.03.2016 വരെ)
മുന്നിരിപ്പ്	3,94,56,118
വരവ്	5,13,48,700
ആകെ	9,08,04,818
ചെലവ്	6,37,00,091

നീക്കിയിരിപ്പ്	2,71,04,727

1-7 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹	ചെലവ് %
വികസനഫണ്ട് (പൊതു വിഭാഗം)	1,19,62,738	1,09,46,574	2,29,09,312	2,29,09.312	0	100
വികസനഫണ്ട് (എസ്.സി.പി)	--	8,52,175	8,52,175	8,52,175	0	100
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	64,32,838	64,32,838	64,32,838	0	100
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	29,37,675	29,37,675	29,37,675	0	100
13-ാം ധനകാര്യ കമ്മീഷൻ അവാർഡ്	--	44,36,000	44,36,000	44,36,000	0	100
എം.ജി.എൻ.ആർ.ഇ.ജി.എസ്.	--	--	--	--	--	--
ബി. ഫണ്ട്	0	3,36,53,438	3,36,53,438	3,36,53,438	0	100
ലോകബാങ്ക്സഹായം	--	42,77,586	42,77,586	42,77,586	0	100

1-8 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു (സെക്രട്ടറി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം).

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
324	9,23,36,030	206	5,23,16,381	13	105	56.65

കരിയാട്, പെരിങ്ങളം, പാനൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് രൂപീകരിക്കപ്പെട്ട പാനൂർ നഗരസഭയുടെ സുലേഖ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ചെലവുപത്രികയിൽ 01.11.2015 ന് മുമ്പുള്ള, അതായത് ഗ്രാമപഞ്ചായത്ത് കാലയളവിൽ നടപ്പാക്കിയ ചില പദ്ധതികളുടെ ചെലവുകൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ മുകളിൽ കൊടുത്തിട്ടുള്ള കണക്കുകൾ കൃത്യമല്ല.

1-9 ക്ഷേമപദ്ധതികൾ

2015-16വർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	67,800	ലഭിച്ചിട്ടില്ല
കർഷകതൊഴിലാളി പെൻഷൻ	52,440	633
വിധവാ പെൻഷൻ	2,64,120	1695
വാർദ്ധക്യകാല പെൻഷൻ	5,34,215	2235
വികലാംഗ പെൻഷൻ	66,130	519
അവിവാഹിത പെൻഷൻ	1,06,900	164

1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.02.2017 ന് 4.15 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 28334 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പാനൂർ നഗരസഭ രൂപീകരിക്കപ്പെട്ടത് 01.11.2015 നാണ്. 2015 – 16 കാലയളവിൽ നഗരസഭയിൽ അക്കൗണ്ടന്റ് ജനറൽ, പെർഫോമൻസ് ഓഡിറ്റ് എന്നീ വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയിട്ടില്ല.

1-12 വാർഡ് സഭ

1.11.2015 നാണ് പാനൂർ മുൻസിപ്പാലിറ്റി നിലവിൽ വന്നത്. പാനൂർ മുനിസിപ്പാലിറ്റിയിൽ വാർഡ് സഭാ യോഗങ്ങൾ ചേരുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

ക്രമ നം	വാർഡ് നമ്പർ	ആദ്യ യോഗം നടത്തിയ തീയതി	രണ്ടാമത്തെ യോഗം നടത്തിയ തീയതി

1	5	09.02.2016	03.08.2016
2	9	08.02.2016	02.08.2016
3	15	16.02.2016	06.08.2016
4	25	09.02.2016	29.07.2016
5	26	08.02.2016	02.08.2016

കൂടാതെ ചില വാർഡു സഭ യോഗങ്ങളിൽ ക്വാറം തികഞ്ഞിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്	യോഗം ചേർന്ന തീയതി	ആകെ വോട്ടർമാർ	ക്വാറം	പങ്കെടുത്തവരുടെ എണ്ണം
1	1	08.02.2016	1252	125	118
2	3	20.11.2016	1306	130	126
3	21	21.11.2016	1017	101	91

വാർഡ് സഭകൾ സക്രിയമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ആഭ്യന്തര നിയന്ത്രണം

01.11.2015 മുതൽ പാനൂർ നഗരസഭ രൂപീകരിക്കപ്പെട്ടതോടെ ജോലി ഭാരം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും അതിന് ആനുപാതികമായി ജീവനക്കാരുടെ തസ്തികകളിൽ വർദ്ധനയുണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തായി പ്രവർത്തിച്ചിരുന്ന കാലത്തെ അതേ എണ്ണം ജീവനക്കാർ മാത്രമേ നഗരസഭയിലുമുള്ളൂ. നഗരസഭയുടെ പ്രവർത്തനങ്ങൾക്കും ചുമതലകൾക്കും അനുസൃതമായി ജോലി വിഭജനം പുനർനിർണയിച്ചിട്ടില്ല.

എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് ചേരണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. 23.01.2016 ന് ശേഷം അടുത്ത സ്റ്റാഫ് മീറ്റിംഗ് ചേർന്നത് 01.06.2016 ന് മാത്രമാണ്.

വ്യക്തി വിവര രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കരിയാട്, പെരിങ്ങളം, പാനൂർ എന്നീ സോണൽ ഓഫീസുകളിലെ നിർവ്വഹണാധികാരികളുടെയും, മറ്റ് ജീവനക്കാരുടേയും പേര്, വിലാസം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഡി ആൻഡ് ഓ ലൈസൻസ് അപാകങ്ങൾ

(1) ഡി ആൻഡ് ഓ ലൈസൻസ് അപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് എഴുതുന്നില്ല.

ഉദാ:

ക്രമ നം	ഉടമയുടെ പേര്	സ്ഥാപനം
1	സി. ശശി	പുഷ്പ സിൽക്ക്സ്
2	വി. പി. ബാലൻ	ആദർശ് സ്റ്റേഷനറി
3	കളേരി കുനിയിൽ കുഞ്ഞബ്ദുള്ള	കാട്ടുകുടിയിൽ
4	കെ .കെ. പത്മജ	സെൽട്രോണിക്സ്

2.ഡി ആൻഡ് ഓ ലൈസൻസ് അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

ഉദാ:

ക്രമ നം	ഉടമയുടെ പേര്	സ്ഥാപനം
1	വിപിൽ ദാസ് .എം. വി	കെ .ആർ. ടി .കമ്പനി
2	അബ്ദുൾ ഖാദർ .കെ. കെ	കെ. എസ്. എം. ഗ്രീൻ മോട്ടേഴ്സ്
3	പ്രശാന്ത്	ഭാരത് കമ്പ്യൂട്ടേഴ്സ്
4	കെ. കെ. പുരുഷോത്തമൻ	സന്തോഷ് വെൽഡിംഗ് ഷോപ്പ്

3. ഓഡിറ്റിന് ഹാജരാക്കിയ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2-2 തൊഴിൽ നികുതി അപാകങ്ങൾ

പാനൂർ മുൻസിപ്പാലിറ്റി യിലെ തൊഴിൽ നികുതി രജിസ്റ്ററും സ്ഥാപനങ്ങളുടെ റിട്ടേണും പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടു

1. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
2. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ 72 സ്ഥാപനങ്ങൾ ഉള്ളതിൽ ആദ്യ അർദ്ധ വർഷത്തിൽ 9 സ്ഥാപനങ്ങളുടെ റിട്ടേൺ മാത്രമേ പരിശോധനക്ക് ഹാജരാക്കിയുള്ളൂ. രണ്ടാം അർദ്ധ വർഷത്തിൽ 5 സ്ഥാപനങ്ങളുടെ റിട്ടേൺ ഹാജരാക്കിയിട്ടില്ല.
3. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ മുൻസിപ്പാലിറ്റി ജീവനക്കാർ റിട്ടേൺ കൃത്യമായി പരിശോധിക്കുന്നില്ല.
4. ഓഡിറ്റിന് ഹാജരാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2-3 വസ്തുനികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല.

01.11.2015 പ്രാബല്യത്തിൽ പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ വസ്തുനികുതി പരിഷ്കരണം, പെർമിറ്റ് നൽകൽ എന്നിവ നടപ്പാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയം ഭരണവകുപ്പിന്റെ 5.12.2015 ലെ 3655/2015 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതു പ്രകാരം പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ വസ്തുനികുതി 31.03.2016 വരെ ഗ്രാമപഞ്ചായത്തിനു ബാധകമായ നിരക്കിൽ ഈടാക്കുന്നതിനും 01.11.2015 ന് ശേഷം പുതുതായി അനുവദിക്കുന്ന ബിൽഡിംഗ് പെർമിറ്റുകൾ, നഗരസഭയ്ക്ക് ബാധകമായ ചട്ടങ്ങൾ പ്രകാരം കണക്കാക്കുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ 01.04.2016 മുതൽ നഗരസഭയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാനൂർ നഗരസഭയിൽ നടപ്പാക്കിത്തുടങ്ങിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നികുതികളും ഫീസുകളും പുനർനിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-4 <u>ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട **15,315** രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.</u>

2015-2016 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെയായും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ	ടെണ്ടർ ഫോറം വില	ടെണ്ടറിൽ പങ്കെടുത്തവർ
1	പ്രോജക്റ്റ് -78/16 പാനൂർ ബസ് സ്റ്റാൻഡ് ബസ് ബാക്ക് മേൽക്കൂര നിർമ്മാണം	10.00,000	2,500	ശ്രീ.പി.വി.മുഹമ്മദ്
2	പ്രോജക്റ്റ് -93/16 ചെല്ലട്ട ചന്തുനായർ മാവുള്ള പറമ്പത്ത് അവയാട് കുന്ന് റോഡ്ടാറിംഗ്	5,50,000	1,155	ശ്രീ.ഷംസുദ്ദീൻ. എം
3	പ്രോജക്റ്റ് - മഠപ്പുര അംഗൻവാടിപുനരുദ്ധാരണം(ബിൽ സമർപ്പിച്ചിട്ടില്ല)	8,00,000	1,680	ശ്രീ.ശരത് കുമാർ. വി.പി
4	പ്രോജക്റ്റ്നം -38/16 -പെരിങ്ങളം പിഎച്ച് സിക്ക് അധിക സൗകര്യം	7,00,000	1,470	ശ്രീ.ശരത് കുമാർ. വി.പി
5	പ്രോജക്റ്റ് -10/16കുനിയിൽ പീടിക കിഴക്കുംഭാഗം റോഡ് റീടാറിംഗ്	9,25,000	2,000	ശ്രീ.വിജയൻ.എ

6	പ്രോജക്റ്റ് നം- 27/16 -അണിയാരം ശിവക്ഷേത്രം മുട്ടുക്കാവ് റോഡ് അറ്റകുറ്റപ്പണി	13,20,000	5,250	ശ്രീ.ശരത് കുമാർ.വി.പി
7	പ്രോജക്റ്റ് നം -22/16 -ആയുർവേദ ആശുപത്രി അറകുറ്റപ്പണി	5,80,000	1,260	ശ്രീ.വിജയൻ .എ
ആകെ - 15,315				

ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫോറം വില ഇനത്തിലുള്ള തുക 15,315 ലഭ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ക്ഷേമ പെൻഷൻ നൽകുന്നതിലുള്ള അപാകങ്ങൾ

ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ക്ഷേമ പെൻഷൻ അപേക്ഷകളിൻമേൽ അപേക്ഷ സമർപ്പിച്ചാൽ 60 ദിവസത്തിനകം മുൻസിപ്പാലിറ്റിയിൽ തീരുമാനമെടുക്കണം. എന്നാൽ പാനൂർ മുൻസിപ്പാലിറ്റിയിലെ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ക്ഷേമ പെൻഷൻ അപേക്ഷകളിൽ ചില അപേക്ഷയിന്മേൽ ഈ സമയ ക്രമം പാലിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

ക്രമ നം	പേരും വിലാസവും	അപേക്ഷ നമ്പറും അപേക്ഷ സമർപ്പിച്ച തീയതിയും	തീരുമാനമെടുത്ത തീയതി
1	കുഞ്ഞഹമ്മദ് വലിയപറമ്പത്ത് ലുലു	A1 – 4360, 25.11.2014	27.5.2016
2	സന്തോഷ് എം മാത്തേന്റവിട ഏലാക്കോട്ട	A1 – 4469/ 2.12.2015	27.5.2016

അർഹതപ്പെട്ടവർക്കുള്ള പെൻഷൻ തുക വിതരണം കൃത്യമായ സമയക്രമം പാലിച്ച് നൽകേണ്ടതാണ്

3-2 പെരിങ്ങളം പി.എച്ച്.സി. - മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ ,പി എച്ച് സി പെരിങ്ങളം

പ്രോ.നം. 075/16 പെരിങ്ങളം പി.എച്ച്.സി.ക്ക് മരുന്ന്, ഇൻസുലിൻ, ഇവ വാങ്ങൽ

അടങ്കൽ : 1,50,000 (വികസനഫണ്ട്)

ബിൽ നം. 03/15-16/11.09.2015 (28051/-)

ബിൽ നം. 10/15-16/22.03.2016 (1,00,000/-)

ബിൽ നം. 11/15-16/22.03.2016 (21949/-)

പെരിങ്ങളം പി.എച്ച്.സി.ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 1,21,949/- രൂപ (ബിൽ നം.10,11പ്രകാരം) മുൻകൂർ നൽകിയിട്ടുണ്ട്. ഈ തുകയിൽ 26008/- രൂപയുടെ മരുന്ന് ഇനിയും (31.01.2017) ലഭിക്കാൻ ബാക്കിയാണ്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3-3 വെള്ളക്കരം കുടിശ്ശിക – നഗരസഭയ്ക്ക് ലക്ഷക്കണക്കിന് രൂപയുടെ ബാദ്ധ്യത

എ) വെള്ളക്കരം കുടിശ്ശിക പെരുകുന്നു.

പാനൂർ നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2016 നവംബർ മാസത്തേക്ക് വാട്ടർ അതോറിട്ടി നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക സംബന്ധിച്ച കണക്കുകൾ ചുവടെ കൊടുക്കുന്നു.

ടാപ്പുകളുടെ എണ്ണം - 141

29.02.2016 വരെയുള്ള കുടിശ്ശിക - 13,76,408/-

പിഴ – 26,999/-

നവംബർ മാസത്തെ ഡിമാന്റ് - 61,688/-

ആകെ - 14,65,095/-

മേൽ തുകയിൽ തൻമാസ ഡിമാന്റ് തുകയായ 61,688/- രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. ബാക്കി 14,03,407/- രൂപ 2008 – 2011 കാലഘട്ടത്തിൽ വെള്ളക്കരം ഇനത്തിലുള്ള പിഴപ്പലിശയിനത്തിലെ തുകയാണെന്നാണ് സെക്രട്ടറി അറിയിച്ചത്. ഓരോ മാസവും പിഴപ്പലിശയിനത്തിലെ തുക പെരുകിപ്പെരുകി വരുന്ന സ്ഥിതി വിശേഷമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പിഴപ്പലിശ ഒഴിവാക്കിക്കിട്ടുന്നതിന് 29.03.2014 – ലെ 42/14 നമ്പർ തീരുമാനം പ്രകാരം വാട്ടർ അതോറിട്ടിയോട് ആവശ്യപ്പെടാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചുവെങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുകയോ വിഷയം തീർപ്പാക്കുകയോ ചെയ്തിട്ടില്ല.

ബി) സംയുക്ത പരിശോധന നടത്തിയിട്ടില്ല

നിലവിൽ തുക ഒടുക്കിക്കൊണ്ടിരിക്കുന്ന 141 ടാപ്പുകളുടെയും പ്രവർത്തനക്ഷമത സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4 ഗുണഭോക്തൃ സമിതി മുഖേന നടത്തിയ പദ്ധതി നിർവ്വഹണം -രേഖകൾ ഹാജരാക്കാത്തത്-₹2,08,311 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്റ്റ് - മഞ്ഞപ്രുത്ത് മുക്ക് വാഴയിൽ റോഡ് സോളിംഗ് പദ്ധതി

പ്രോജക്റ്റ് നം - 131/16

അടങ്കൽ - 1,85,000(ലോകബാങ്ക്)

- 25,000(തനത് ഫണ്ട്)

ചെലവ് - 1,85,000(ബിൽ നം 68 &തീയതി31.3.2016)

-23,311 (ബിൽ നം 916 &തീയതി 19.3.2016)

കൺവീനർ – ശ്രീ.എം.കെ.അശോകൻ

ഗുണഭോകതൃസമിതി മുഖാന്തിരം നടത്തിയ മഞ്ഞപ്രുത്ത് മുക്ക് വാഴയിൽ റോഡ് സോളിംഗ് പദ്ധതിയുടെ താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

1. ഗുണഭോക്തൃസമിതി രൂപീകരിച്ചത്,യോഗം ചേർന്നത്, ഗുണഭോകതൃസമിതിമിനുട്ട്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല
2. പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ പാടുള്ളൂ എന്നതിനാൽ മേൽ പ്രവൃത്തിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതായിരുന്നു.ആയത് ഹാജരാക്കിയിട്ടില്ല
3. ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ./16.11.2013 ഉത്തരവു പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.11(6) അനുസരിച്ച് ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും, അംഗങ്ങളും ,പ്രൊജക്ടിൽ പറഞ്ഞ ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയായിരിക്കണമെന്നും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണെന്ന് നിഷ്ക്കർഷിക്കുന്നു. എന്നാൽ ഈ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല
4. ഗുണഭോക്തൃ സമിതിയുടെ വരവ്-ചെലവ് കണക്കുകൾ, ഈ കണക്കുകളും വൗച്ചറുകളും എഞ്ചിനീയർ പരിശോധിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല
5. ഗുണഭോക്തൃ സമിതിയിൽ നിന്നും 2% ആദായനികുതി ഈടാക്കിയിട്ടുണ്ട് എന്നാൽ ഗുണഭോക്തൃ സമിതിയുടെ പേരിലെടുത്ത PAN കാർഡ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

അതിനാൽ ₹2,08,311 തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

3-5 നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവൃർത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിശ്ചിത നിരക്കിൽ പിഴ ഈടാക്കാത്തത്

നിശ്ചിത കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും. 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ താഴെ പറയുന്ന പ്രവൃത്തിയിൽ നിന്നു ഈടാക്കിയിട്ടില്ല.

പുതുക്കിയ മരാമത്ത് മാന്വൽ അനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം നിശ്ചിത

കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ആകെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നിശ്ചയിച്ച കാലയളവിന്റെ 25% ദിവസങ്ങൾ പി.എ.സി. തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും, അടുത്ത 25% സമയം പി.എ.സി തുകയുടെ 2% പിഴചുമത്തിക്കൊണ്ടും നിർവ്വഹിക്കുവാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും 2% നിരക്കിൽ മാത്രമാണ് പിഴ ഈടാക്കിയത്.

(1)

പ്രൊജക്ട് നം.	111/16
പ്രൊജക്ട് -	പുനത്തിൽ പാലയാട് മുക്ക് റോഡ് ടാറിംഗ്
പ്രോജക്ട് ചെലവ്	1,72,575
ബിൽ നം.	71/31.3.2016- 1,69,109
പി.എ.സി. തുക	1,78,876
കരാറുകാരൻ	ശ്രീ.രാജീവൻ.പി.ടി.കെ
എം.ബുക്ക്	47/14-15
എഗ്രിമെന്റ്	no-20/14-15 തീയതി 26.2.2105
പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി	26.2.2015
കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി	25.4.2015
പ്രവൃത്തി പൂർത്തീകരിച്ച തീയതി	21.2.2016

മേൽ പ്രവൃത്തിയുടെ മരാമത്ത് ഫയലുകൾ അനുസരിച്ച് 25.4.2015 ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി പൂർത്തിയായത് 21.2.2016 ന് മാത്രമാണ്.(ഏറ്റവും ഒടുവിൽ ചെക്ക്മെഷർ ചെയ്ത തീയതി പ്രകാരം) ഇതനുസരിച്ച് 302 ദിവസത്തെ കാലതാമസം പ്രവൃത്തി പൂർത്തിയാക്കുവാൻ ഉണ്ടായിട്ടുണ്ട്. പൊതുമരാമത്തിന്റെ പുതുക്കിയ മാന്വൽ പ്രകാരം താഴെപറയുപ്രകാരം പിഴ ഈടാക്കേണ്ടതുണ്ട്.

ആദ്യത്തെ 25% സമയത്തിന് പി.എ.സി. തുകയുടെ 1% വും, രണ്ടാമത് 25% സമയത്തിന് പി.എ.സി. തുകയുടെ 2% വുമാണ് പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് ഈടാക്കേണ്ടുന്ന പിഴ. ഈപ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് 60ദിവസങ്ങളാണ്. പ്രവൃത്തിയുടെ കാലതാമസം 302 ദിവസങ്ങൾ ആണ്. ഇത് പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന കാലയളവിന്റെ 50% ത്തിലും അധികമാണ്. അതിനാൽ ഈപ്രവൃത്തിയുടെ പി.എ.സി. തുകയായ രൂപയുടെ 3% തുകയായ 5366 രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ 3451രൂപ മാത്രമെ ഈടാക്കിയിട്ടുള്ളൂ.ബാക്കി 1915 ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(2)

പ്രൊജക്ട് നം.	113/16
പ്രൊജക്ട് -	സബ്ബ് സെന്റർ ഓഡിറ്റോറിയം റോഡ് ടാറിംഗ്
പ്രോജക്ട് ചെലവ്	1,73,172
ബിൽ നം.	57/31.3.2016-79,213(ധനകാര്യകമ്മീഷൻ ഗ്രാന്റ്) 58/31.3.2016-90,500(വികസനഫണ്ട്-പൊതുവിഭാഗം -)
പി.എ.സി. തുക	1,79,437
കരാറുകാരൻ	ശ്രീ.രാജീവൻ.പി.ടി.കെ
എം.ബുക്ക്	54/14-15
എഗ്രിമെന്റ്	no- 21/14-15 തീയതി 26.2.2105
പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി	26.2.2015
കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി	25.4.2015
പ്രവൃത്തി പൂർത്തീകരിച്ച തീയതി	10.3.2016

മേൽ പ്രവൃത്തിയുടെ മരാമത്ത് ഫയലുകൾ അനുസരിച്ച് 25.4.2015 ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി പൂർത്തിയായത് 10.3.2016 ന് മാത്രമാണ്.(ഏറ്റവും ഒടുവിൽ ചെക്ക്മെഷർ ചെയ്ത തീയതി പ്രകാരം) ഇതനുസരിച്ച് 319ദിവസത്തെ കാലതാമസം പ്രവൃത്തി പൂർത്തിയാക്കുവാൻ ഉണ്ടായിട്ടുണ്ട്. പൊതുമരാമത്തിന്റെ പുതുക്കിയ മാന്വൽ പ്രകാരം താഴെപറയുപ്രകാരം പിഴ ഈടാക്കേണ്ടതുണ്ട്.

ആദ്യത്തെ 25% സമയത്തിന് പി.എ.സി. തുകയുടെ 1% വും, രണ്ടാമത് 25% സമയത്തിന് പി.എ.സി. തുകയുടെ 2% വുമാണ് പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് ഈടാക്കേണ്ടുന്ന പിഴ. ഈപ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് 60ദിവസങ്ങളാണ്. പ്രവൃത്തിയുടെ കാലതാമസം 319ദിവസങ്ങൾ ആണ്. ഇത് പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന കാലയളവിന്റെ 50% ത്തിലും അധികമാണ്. അതിനാൽ ഈപ്രവൃത്തിയുടെ പി.എ.സി. തുകയുടെ 3% - 5383 പിഴയിനത്തിൽ ഈടാക്കേണ്ടതുണ്ട്.എന്നാൽ 3464 രൂപ മാത്രമെ ഈടാക്കിയിട്ടുള്ളൂ.ബാക്കി 1,919 ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്

(3)

പ്രൊജക്ട് നം.	118/16
പ്രൊജക്ട് -	കുഞ്ഞിപറമ്പത്ത് മണ്ഡലവയൽ റോഡ് ടാറിംഗ്
പ്രോജക്ട് ചെലവ്	1,79,181
ബിൽ നം.	30/19.3.2016-1,65,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 914/19.3.2016 - 10,597(തനത് ഫണ്ട്)

പി.എ.സി. തുക	1,79,181
കരാറുകാരൻ	ശ്രീ.റീജിൻ.എ.എം
എം.ബുക്ക്	15/14-15
എഗ്രിമെന്റ്	no-24/14-15 തീയതി 26.2.2105
പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി	26.2.2015
കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി	25.4.2015
പ്രവൃത്തി പൂർത്തീകരിച്ച തീയതി	30.12.2015

മേൽ പ്രവൃത്തിയുടെ മരാമത്ത് ഫയലുകൾ അനുസരിച്ച് 25.4.2015 ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി പൂർത്തിയായത് 30.12.2015 ന് മാത്രമാണ്.(ഏറ്റവും ഒടുവിൽ ചെക്ക്മെഷർ ചെയ്ത തീയതി പ്രകാരം) ഇതനുസരിച്ച് 249 ദിവസത്തെ കാലതാമസം പ്രവൃത്തി പൂർത്തിയാക്കുവാൻ ഉണ്ടായിട്ടുണ്ട്. പൊതുമരാമത്തിന്റെ പുതുക്കിയ മാന്വൽ പ്രകാരം താഴെപറയുപ്രകാരം പിഴ ഈടാക്കേണ്ടതുണ്ട്.

ആദ്യത്തെ 25% സമയത്തിന് പി.എ.സി. തുകയുടെ 1% വും, രണ്ടാമത് 25% സമയത്തിന് പി.എ.സി. തുകയുടെ 2% വുമാണ് പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് ഈടാക്കേണ്ടുന്ന പിഴ. ഈപ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് 60ദിവസങ്ങളാണ്. പ്രവൃത്തിയുടെ കാലതാമസം 249ദിവസങ്ങൾ ആണ്. ഇത് പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന കാലയളവിന്റെ 50% ത്തിലും അധികമാണ്. അതിനാൽ ഈപ്രവൃത്തിയുടെ പി.എ.സി. തുകയായ രൂപയുടെ 3% തുക 5375 പിഴയിനത്തിൽ ഈടാക്കേണ്ടതുണ്ട്.എന്നാൽ 3584 രൂപ മാത്രമെ ഈടാക്കിയിട്ടുള്ളൂ.ബാക്കി 1,791 ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പുതുക്കിയ P W D മാന്വൽ പ്രകാരം 2%മാത്രമേ പിഴ ഈടാക്കാൻ വ്യവസ്ഥയുള്ളൂ എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. ആയത് തൃപ്തികരമല്ല

ഈവിധത്തിൽ ഫൈൻ ഈടാക്കിയ മറ്റ് മരാമത്ത് പ്രവൃത്തികളിൽ നിന്നും, നിശ്ചിത നിരക്കിലുള്ള ഫൈൻ ഈടാക്കേണ്ടതാണ്.

3-6 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുഅപാകങ്ങൾ

1. 2015-16 വർഷം കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുകയും, ഒടുക്കുകയുംചെയ്ത തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.
2. 2012 ൽ പി.ഡബ്ല്യു.ഡി മാന്വൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇതിലെ വ്യവസ്ഥകൾ ഉൾപ്പെടുത്താതെ പഴയ രീതിയിലുള്ള കരാർ വ്യവസ്ഥകൾ തന്നെയാണ് 2015-16 സാമ്പത്തിക വർഷം

കരാറുകാരുമായി ചമച്ച കരാറിലുള്ളത് .

3. പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും 4% മൂല്യവർദ്ധിത നികുതിയാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാർ നികുതി കോമ്പൗണ്ട് ചെയ്തതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
4. ഇ ടെണ്ടറിൽ ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയതിന്റെ രേഖകൾ ഫയലിൽ വച്ചിട്ടില്ല.

3-7 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത്- ₹ 54,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - പഞ്ചായത്ത് മാർക്കറ്റിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ

പ്രോജക്ട് നം - 107/16

ചെലവ് - ₹ 54,000 (വൗച്ചർ നം 21500201 തീയതി 19.3.2016)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "പഞ്ചായത്ത് മാർക്കറ്റിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ " പദ്ധതിയിൽ ₹ 54,000 കേരള വാട്ടർഅതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹ 54,000 തടസ്സപ്പെടുത്തുന്നു.

3-8 വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തിരിച്ചടക്കേണ്ടതാണ്

2015-16വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ₹2748897 യുടെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാൻ ബാക്കിയുണ്ട്. മൂന്ന് ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് രൂപീകരിക്കപ്പെട്ട നഗരസഭയുടെ ബാലൻസ് ഷീറ്റിൽ ഈ ഗ്രാമപഞ്ചായത്തുകളിൽ നിന്നും കൈമാറിയ തുകകൾ കൂടി ഉൾപ്പെടുന്നുണ്ട്. ഈ ഗ്രാന്റുകൾ ഏതൊക്കെ ഇനങ്ങളിലേതാണെന്നുള്ളത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തേണ്ടതും വിനിയോഗിക്കാൻ സാധിക്കാത്ത തുകകൾ ബന്ധപ്പെട്ട ഹെഡ്ഡുകളിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

3-9 സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

നഗരസഭയിൽ നിലവിൽ ഒരു വർഷം വാങ്ങുന്ന മുഴുവൻ സാധനങ്ങളുടേയും സ്റ്റോക്ക് രേഖപ്പെടുത്തുന്നത് ഒറ്റ സ്റ്റോക്ക് റജിസ്റ്ററിലാണ്. സ്ഥിര ആസ്തികളായ കംപ്യൂട്ടറുകൾ, ഫർണിച്ചറുകൾ എന്നിവയുടെ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുള്ളത് ഒരേ സ്റ്റോക്ക് രജിസ്റ്ററിലാണ്. ധനകാര്യ വകുപ്പിന്റെ 24-9-2014 ലെ 86/2010/ ഫിൻ നമ്പർ സർക്കുലറിൽ കംപ്യൂട്ടറുകളുടെ ഹാർഡ് വെയറിനും, സോഫ്റ്റ് വെയറിനും പ്രത്യക സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കംപ്യൂട്ടറുകൾക്കായി പ്രത്യേക സ്റ്റോക്ക് റജിസ്റ്ററും, മറ്റ് സ്ഥിര ആസ്തികൾ രേഖപ്പെടുത്തുന്നതിനായി മറ്റൊരു സ്റ്റോക്ക് റജിസ്റ്ററും തയ്യാറാക്കേണ്ടതും ഓരോ ഇനവും പ്രത്യേക പേജുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

3-10 ചെയർപേഴ്സൺന്റെ വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പിലെ

അപാകങ്ങൾ

നഗരസഭയ്ക്ക് സ്വന്തമായി ഔദ്യോഗിക വാഹനമില്ലാത്തതിനാൽ 01.02.2016 മുതൽ 14.08.2016 വരെയുള്ള കാലയളവിൽ ചെയർപേഴ്സൺ ശ്രീ. കെ.വി.റംലയുടെ ഉടമസ്ഥതയിലുള്ള സ്വകാര്യവാഹനം (ഹ്യുണ്ടായ് ഇയോൺ കാർ) ഔദ്യോഗികവാഹനമായി ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. പൊതു വാഹനം ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഈ സ്വകാര്യവാഹനം ഉപയോഗിക്കുന്നതിന് സർക്കാർ പ്രത്യേക ഉത്തരവു പ്രകാരം നഗരസഭയ്ക്ക് അനുവാദം നൽകിയിരുന്നതായി സെക്രട്ടറി അറിയിച്ചുവെങ്കിലും ഉത്തരവിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശ്യം രേഖപ്പെടുത്തുന്നില്ല. ഇക്കാലയളവിലെ ലോഗ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും മേൽ പറഞ്ഞ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം :

സ്ഥാപനത്തിന്റെ ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധനയിൽതാഴെ കാണിച്ച തുകകൾ ലഭിച്ചതിന്റെ വിവരങ്ങൾ കണ്ടെത്തി.എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഈ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
ബ്ലോക്ക്പഞ്ചായത്ത് വിഹിതം	2015-16	2,96,225	വികലാംഗ സ്കോളർഷിപ്പ്	1,71,300	1,24,925
ജില്ലാ പഞ്ചായത്ത് വിഹിതം	2015-16	2,34,528	വികലാംഗ സ്കോളർഷിപ്പ്	1,10,100	1,24,428

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നം /ചെക്ക് നം തീയതി	തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച തുക	ബാക്കി തുക
കേരള വാട്ടർഅതോറിറ്റി	107/16 -പഞ്ചായത്ത് മാർക്കറ്റിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ	വൗച്ചർ നം 21500201 തീയതി 19.3.2016	54,000	54,000	വിവരം ലഭ്യമല്ല വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല	

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

	2015-16
തൻവർഷത്തെ വരവ്	5,13,48,700
തൻവർഷത്തെ ചെലവ്	6,37,00,091
വരവ് നഷ്ടം	ഇല്ല
ചെലവ് നഷ്ടം	5,625
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2,62,311

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-5		5,625	ശ്രീ.കൃഷ്ണകുമാർ .സി(അസിസ്റ്റന്റ് എഞ്ചിനിയർ)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	2,08,311	ശ്രീ.കൃഷ്ണകുമാർ .സി(അസിസ്റ്റന്റ് എഞ്ചിനിയർ)
3-7	54,000	യു.പി .പ്രദീപ് (സെക്രട്ടറി)

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.യു.പി .പ്രദീപ് (സെക്രട്ടറി)	സെക്രട്ടറി മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്	
ശ്രീ.കൃഷ്ണകുമാർ .സി അസിസ്റ്റന്റ് എഞ്ചിനിയർ	അസിസ്റ്റന്റ് എഞ്ചിനിയർ എൽ എസ് ജിഡി സെക്ഷൻ , നന്നിയോട് ഗ്രാമപഞ്ചായത്ത് പച്ച (പി ഒ) -(pacha) തിരുവനന്തപുരം 695962	"ശ്രീകൃഷ്ണവിലാസം" കുളക്കോട് വെള്ളനാട് (പി ഒ) തിരുവനന്തപുരം-695543

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഇല്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

അനുബന്ധം -1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ /ബി-2/183 /2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം ,കണ്ണൂർ-670001.
ഇ-മെയിൽഃ lfaddistofficeknr@gmail.com
ഫോൺ : 0497-2707698
തീയതി -10.2.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള നഗരപാലിക നിയമത്തിലെ 295(4) വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികസ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളെ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പാനൂർനഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാനൂർനഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയരക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

KSA-K.N.R./B2 /183 /17

Kerala State Audit Department,

District Audit Office, Kannur-670 001.
e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698.
Date:10.2.2017

Certified that I have audited the annual Financial Statement of panoor municipality in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Municipalities

In my Opinion, the Financial Statements of panoor municipality for the year 2015-16 except the observation in My audit report properly presents the picture of income and expenditure.

Senior Deputy Director.

District Audit Office, Kannur.